**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **26-07-2021 - ൽ മറുപടിയ്ക്ക്**

**പ്രധാന അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ നിലവിലുള്ള പ്രധാന അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് എന്നറിയിക്കാമോ; | (എ) | എ) ഗവൺമെന്റ് പ്രൈമറി സ്കൂൾ – 1630 ബി) എയ്ഡഡ് പ്രൈമറി സ്കൂൾ -736 |
| (ബി) | പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതു മൂലം സ്കൂളുകളിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | പ്രധാനാധ്യാപകരില്ലാത്ത എല്ലാ എൽ.പി., യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രധാനാധ്യാപകന്റെ ചുമതല നൽകിയിട്ടുള്ളതിനാൽ പ്രഥമാധ്യാപകർ വഹിക്കേണ്ട അക്കാഡമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുന്നില്ല. |
| (സി) | പ്രസ്തുത തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ നികത്താൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പ്രഥമാധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഒന്നിലധികം കേസുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ